**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2870** **28-02-2023 - ൽ മറുപടിയ്ക്ക്**

**പുഴയോര സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പുഴയോര സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | നദികളുടെ തീരസംരക്ഷണത്തിനു വേണ്ടി flood damages/flood control എന്നീ നോൺ പ്ലാൻ ശീർഷകങ്ങളിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ചും ഇടിഞ്ഞു പോയ നദീതീരങ്ങൾ കരിങ്കൽ/കോൺക്രീറ്റ് ഉപയോഗിച്ച് സംരക്ഷണ ഭിത്തികൾ നിർമ്മിച്ച് പരിപാലിച്ചു വരുന്നു.<br><br>കരിങ്കൽ/കോൺക്രീറ്റ് തുടങ്ങിയവ ഉപയോഗിച്ച് സംരക്ഷിക്കാൻ സാധ്യമല്ലാത്ത ഭാഗങ്ങളിൽ ജൈവ വൈവിധ്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായങ്ങൾ നൽകി വരുന്നു. |
| (ബി) | പട്ടാമ്പി മണ്ഡലത്തിലൂടെ ഒഴുകുന്ന ഭാരതപ്പുഴയുടെ തീരങ്ങൾ സൗന്ദര്യ വത്ക്കരിക്കുന്നതിന്റെ ഭാഗമായി പൊതു ജനങ്ങളെ അകർഷിക്കുന്ന തരത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നതിന്റെ വിശദാംശം നൽകുമോ? | (ബി) | പട്ടാമ്പി മണ്ഡലത്തിലൂടെ ഒഴുകുന്ന ഭാരതപ്പുഴയുടെ തീരങ്ങളിൽ പൊതു ജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ സൗന്ദര്യവത്കരിക്കുന്നതിന്റെ ഭാഗമായി 2021-22 എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതി നുവേണ്ടി വിശദമായ പദ്ധതി രേഖ ജില്ലാ കളക്ടർ, പാലക്കാടിന് 10/02/2023-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ ഡിവിഷൻ പാലക്കാടിന്റെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ